(സി) ഓരോ വർഷവും അറ്റകുറ്റപ്പണി നടത്തുന്നതിനു പകരം, ഈ റോഡുകൾ ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം എത്ര റോഡുകൾ BMBC നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട് ; അവ ഏതൊക്കെ ; എത്ര തുക ഇതിന് ചെലവഴിച്ചു ;

(ഡി) മറ്റ് അനുബന്ധ റോഡുകളും BMBC നിലവാരത്തിൽ ടാറിംഗ് നടത്തുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള 17 ശബരിമല പാതകളുടെ ലിസ്റ്റ് അനുബന്ധം-I ആയി ചേർക്കുന്നു.* ഈ റോഡുകളിൽ ഓരോ മണ്ഡല കാലത്തിന് മുൻപും അറ്റകുറ്റപ്പണികൾ നടത്താറുണ്ട്. ഇതിനായി ശരാശരി പ്രതിവർഷം 10 കോടി രൂപ ചെലവ് വരുന്നു.

(ബി) ഈ മണ്ഡലകാലത്തിനു മുന്നോടിയായി ഏറ്റെടുത്ത പ്രവർത്തികളുടെ ലിസ്റ്റും അതിന്റെ തുകയും അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഓരോ വർഷവും അറ്റകുറ്റപ്പണി നടത്തുന്നതിനു പകരം ഏറ്റെടുത്തു പൂർത്തീകരിച്ച ബി.എം. & ബി.സി. പ്രവർത്തികളുടെ ലിസ്റ്റ് അനുബന്ധം III ആയി ചേർക്കുന്നു.* ഇതു പ്രകാരം 124.60 കി.മീ. നീളംവരുന്ന റോഡ് 103.15 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മറ്റ് അനുബന്ധ റോഡുകളിലായി 115 കി.മീ. നീളത്തിൽ 76.55 കോടി രൂപയുടെ പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ലിസ്റ്റ് അനുബന്ധം-IV ആയി ചേർക്കുന്നു.*

ഹരിത നിർമ്മാണ നയം

273(3198) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ വിശദമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നയം നടപ്പാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇൻഡ്യയിൽ ആദ്യമായി ഹരിത നിർമ്മാണനയത്തിന് രൂപം നൽകിയ സംസ്ഥാനം കേരളമാണ്. 7-3-2013-ലെ സ.ഉ (എം.എസ്.) നമ്പർ 28/2013/ പൊ.മ.വ. എന്ന ഉത്തരവുപ്രകാരം ഹരിത നിർമ്മാണ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വർദ്ധിച്ചു വരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് ഹരിത നിർമ്മാണ നയം നടപ്പിലാക്കിയിട്ടുള്ളത്.

ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി 40% ത്തോളം ഊർജ്ജത്തിന്റെയും ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കുവാൻ കഴിയും. മഴവെള്ള സംഭരണവും ജലത്തിന്റെ പുനർചാക്രീകരണവും നയത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന, സംസ്കരണ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കർശനമായി നടപ്പാക്കുന്നതിലേയ്ക്കായി നിലവിലുള്ള നിർമ്മാണ ചട്ടങ്ങളിൽ ഇവ ഉൾപ്പെടുത്തുന്നതാണ്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) വ്യവസ്ഥകൾ കൂടി ഹരിത നിർമ്മാണ നയത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഊർജ്ജക്ഷമമായ വൈദ്യുതോപകരണങ്ങൾമാത്രം ഉപയോഗിക്കാനും അതുവഴി വൈദ്യുതിയുടെ അളവ് കുറയ്ക്കുവാനും കഴിയും. പരമാവധി നിർമ്മാണ സ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണ രീതി അവലംബിക്കാനും ഹരിതാഭയും വൃക്ഷലതാദികളും പരമാവധി നിലനിർത്തുവാനും നയം വ്യവസ്ഥ ചെയ്യുന്നു. ഹരിത ഗൃഹ വാതകങ്ങളുടെ (green house gases) പുറന്തള്ളൽ കുറയ്ക്കുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുകവഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും നയം വ്യവസ്ഥചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly